**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 545 27/10/2016-ൽ മറുപടിയ്ക്ക്

**ആശ്വാസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ. കെ.ഡി. പ്രസേനൻ | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കായി 'ആശ്വാസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഇല്ല. 2014-15 സാമ്പത്തിക വർഷത്തിൽ 'ആശ്വാസ്' പദ്ധതി നടപ്പിലാക്കുന്നതിനായി 9 സർക്കാർ സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നു വെങ്കിലും അടിസ്ഥാന സൗകര്യ വികസന ത്തിനായി വകയിരുത്തിയിരുന്ന ഒറ്റത്തവണ അധിക കേന്ദ്രധനസഹായം ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) കല, കായികവിനോദം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് 'ആശ്വാസ്'. ആർട്സ് ഹബ്, വർക്ക്സെന്റർ, സ്പോർട്സ് ഹബ് എന്നിവയാണിതിന്റെ പ്രവർത്തന മേഖലകൾ. എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നതാണ് ആർട്സ് ഹബ് മുഖേന ഉദ്ദേശിച്ചിരുന്നത്. |
| (സി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രസ്തുത പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ടോ; | (സി) കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും, അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗ പ്രദമായ ഭാവി കോഴ്സുകളും, ജോലികളും കണ്ടെത്തുന്നതിന് ആശ്വാസ് പദ്ധതിയുടെ ഭാഗമായ വർക്ക് സെന്റർ (തൊഴിലധിഷ്ഠിത കേന്ദ്രം) സഹായകരമാകുമെന്നാണ് കരുതിയിട്ടുള്ളത്. |

| | |
|---|---|
| (ഡി) വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനും അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനായി അവരുടെ കഴിവുകളെ കണ്ടെത്തുന്നതിനും, ജീവിതത്തെ പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സ് ഹബ് സഹായിക്കുമെന്നാണ് ആശ്വാസ് പദ്ധതിയിലൂടെ കരുതിയിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 'ആശ്വാസ്' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ, ഒരു നിയമസഭാ നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50000 രൂപ വീതം വിനിയോഗിച്ച് "ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ" എന്ന ഒരു നൂതന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ